# നേത്രചികിത്സ ആയുർവേദത്തിൽ

ഡോ. എം. പ്രസാദ്

എട്ടു ശാഖകളുള്ള ആയുർവേദത്തിൽ ശാലാക്യതന്ത്രം എന്ന ശാഖയിലുൾപ്പെട്ടത്തിയാണ് നേത്രചികിത്സ വിവരിച്ചിട്ടുള്ളത്. ശാലാക്യം എന്നതിന് ശലാകയെ സംബന്ധിക്കുന്നത് എന്നർത്ഥം. കണ്ണിൽ മരുന്നെഴുതുന്നതിനുപയോഗിക്കുന്ന കമ്പി പോലുള്ള ഉപകരണമാണ് ശലാക. ശാലാക്യതന്ത്രത്തിൽ നേത്രചികിത്സക്കുള്ള പ്രാധാന്യത്തെ ഇത് സൂചിപ്പിക്കുന്നുണ്ടല്ലോ.

അഞ്ചിന്ദ്രിയങ്ങളിൽ നേത്രങ്ങളാണ് പരമപ്രധാനം എന്നുണ്ട്. മറ്റിന്ദ്രിയങ്ങൾ വിലകുറഞ്ഞവയെന്നല്ല, താരതമ്യേന നേത്രപ്രാധാന്യം കൂടിയിരിക്കുന്നു എന്നു മാത്രം. നിത്യജീവിതത്തിൽ കണ്ണു പോലെ വ്യാപകമായി മറ്റിന്ദ്രിയങ്ങളുടെ ഉപയോഗം അനുഭവപ്പെടാത്തതുകൊണ്ടാണിത്. മറ്റുള്ളവയുടെ പ്രവർത്തനവൈകല്യത്തെ വലിയൊരളവു വരെ നികത്താൻ കണ്ണുകൾക്കാവും. കാഴ്ചയുടെ ചെറിയൊരു വൈകല്യം പോലും ജീവിതത്തെ വളരെയേറെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. നേത്രസംരക്ഷണത്തിന്റേയും നേത്രചികിത്സയുടേയും പ്രാധാന്യം വ്യക്തമാക്കാനായി ഇത്രയും പറഞ്ഞുവെന്നേയുള്ളൂ.

**അഞ്ചിന്ദ്രിയങ്ങളിൽ നേത്രങ്ങളാണ് പരമപ്രധാനം. മറ്റിന്ദ്രിയങ്ങൾ വിലകുറഞ്ഞവയെന്നല്ല, താരതമ്യേന നേത്രപ്രാധാന്യം കൂടിയിരിക്കുന്നു എന്നു മാത്രം. നിത്യജീവിതത്തിൽ കണ്ണു പോലെ വ്യാപകമായി മറ്റിന്ദ്രിയങ്ങളുടെ ഉപയോഗം അനുഭവപ്പെടാത്തതുകൊണ്ടാണിത്. മറ്റുള്ളവയുടെ പ്രവർത്തനവൈകല്യത്തെ വലിയൊരളവു വരെ നികത്താൻ കണ്ണുകൾക്കാവും. കാഴ്ചയുടെ ചെറിയൊരു വൈകല്യം പോലും ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.**

## ചികിത്സാ രീതികൾ

നേത്രചികിത്സ ഒരു സ്പെഷ്യലൈസേഷൻ ആണെങ്കിലും ആയുർവേദത്തിന്റെ അടിസ്ഥാനസിദ്ധാന്തങ്ങളെ ഉപജീവിച്ചുകൊണ്ടുതന്നെയാണ് അതിന്റെ പ്രവർത്തന സമ്പ്രദായം. സാമാന്യ വിശേഷങ്ങൾ, ത്രിദോഷങ്ങൾ, സപ്തധാതുക്കൾ തുടങ്ങിയ മൗലികങ്ങളായ കാഴ്ചപ്പാടുകൾ തന്നെയാണ് ഇവിടേയും പ്രയോജനപ്പെടുത്തിയിട്ടുള്ളത്. കണ്ണിന്റെ ഘടനാപരമായ സവിശേഷതകൾ, പ്രവർത്തനരീതിയിലെ അനന്യത, നേത്രരോഗബാധയ്ക്കുള്ള കാരണങ്ങളുടെ പൊതു സ്വഭാവം എന്നീ പരിഗണനകളാൽ ചികിത്സ കുറേയൊക്കെ പരിഷ്കരിക്കപ്പെട്ടിട്ടുണ്ട് എന്നു മാത്രം.

വാതപിത്തകഫങ്ങളാകുന്ന ത്രിദോഷങ്ങളുടെ പ്രവർത്തനത്തിലുള്ള സന്തുലിതാവസ്ഥ നിലനിർത്തുക എന്നതാണ് ചികിത്സയിൽ അടിസ്ഥാനലക്ഷ്യം. ഇത് ദേഹത്തെല്ലായിടത്തും ഒരു പോലെ ബാധകമാണല്ലോ. അതുകൊണ്ട് രോഗശമനാർത്ഥം പ്രയോഗിക്കുന്ന ഔഷധങ്ങൾ വലിയൊരളവിൽ സമാനതയുള്ളവയായിരിക്കും. അതിനാൽ അവയെക്കുറിച്ച് പ്രത്യേകം പരാമർശിക്കുന്നില്ല. സ്ഥാനികമായ പ്രത്യേകതകളെ കണക്കിലെടുത്തുകൊണ്ട് ചില സവിശേഷകർമ്മങ്ങൾ നേത്രങ്ങളിൽ ചെയ്യുവരാറുണ്ട്. ഏഴു തരത്തിലുള്ള നേത്രകർമ്മങ്ങളാണ് മുഖ്യമായും പറയപ്പെട്ടിട്ടുള്ളത്.

1. ആശ്ച്യോതനം

ആശ്ച്യോതനത്തെ തുള്ളിമരുന്ന് എന്നു പറയാം. ഏതു നേത്രരോഗത്തിലും പ്രയോഗിക്കാവുന്ന വളരെ ലളിതവും എന്നാൽ ഏറെ പ്രധാനവുമായ ചികിത്സയാണിത്. രോഗസ്വഭാവമനുസരിച്ച് മരുന്ന് തയ്യാറാക്കുന്ന ദ്രവം (വെള്ളം, മുലപ്പാൽ, ഇലകളുടെ നീര് തുടങ്ങിയവ), മരുന്നിന്റെ താപനില (തണുത്ത്, ഇളം ചൂടോടെ തുടങ്ങി) എന്നിവ ഭേദപ്പെട്ടുകൊണ്ടിരിക്കും. ഒട്ടേറെ ഔഷധയോഗങ്ങൾ ഈ വിധത്തിൽ പ്രയോഗിക്കുവാനായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

2. സേകം

കണ്ണിൽ ചെയ്യുന്ന ധാരയാണിത്. രോഗസ്ഥിതിക്കനുയോജ്യമായി ഔഷധം ദ്രാവകരൂപത്തിൽ നിശ്ചിതസമയം കണ്ണിൽ ഇടമുറിയാതെ വീഴ്ത്തുന്നതിനാണ് ധാര എന്നു പറയുന്നത്. രോഗിയെ മലർത്തിക്കിടത്തി കണ്ണിൽ നിന്നും നാലുവിരൽ ഉയരം കണക്കാക്കിയാണ് ധാര ചെയ്യുന്നത്. കഷായങ്ങൾ, മരുന്നിട്ടു കാച്ചിയ പാൽ, തേൻ തുടങ്ങിയവയെല്ലാം ധാരക്കുപയോഗിക്കുന്നുണ്ട്.

3. അഞ്ജനം

കണ്ണിലെഴുതാവുന്ന മരുന്നാണ് അഞ്ജനം. അഞ്ജനമെഴുതുവാനാണ് ആദ്യം സൂചിപ്പിച്ച വിധം ശലാക ഉപയോഗിക്കുന്നത്. കണ്ണിൽ നടത്തുന്ന ഔഷധ പ്രയോഗങ്ങളിൽ ഏറ്റവും പ്രാധാന്യമുള്ളത് എന്ന് അഞ്ജനത്തെ വിശേഷിപ്പിക്കാം. അഞ്ജനത്തിനുള്ള ഔഷധങ്ങൾ പൊടിയുടെ രൂപത്തിലോ കുഴമ്പുരൂപത്തിലോ ഗുളികയായോ തയ്യാറാക്കുന്നു. പ്രശസ്തമായ ഇളനീർക്കുഴമ്പ് അഞ്ജനത്തിനുള്ള ഒരു ഔഷധയോഗമാണ്.

4. തർപ്പണം

തർപ്പണം എന്ന വാക്കിന് പോഷണം നൽകൽ എന്നാണർത്ഥം. നേത്രാവയവത്തിന്റെ എല്ലാ ഭാഗങ്ങൾക്കും പോഷണവും വഴക്കവും നൽകുന്ന ചികിത്സയാണ് തർപ്പണം. കൺതടത്തിനു ചുറ്റും ഉഴുന്നുമാവുകൊണ്ട് വരമ്പുകെട്ടി ഔഷധസംസ്കൃതമായ നെയ്യ്, പാൽ തുടങ്ങിയവ നിറച്ചുനിർ

ത്തുകയാണ് തർപ്പണത്തിൽ ചെയ്യുന്നത്. നിശ്ചിത സമയം മാത്രമേ തർപ്പണം ചെയ്യാവൂ. രോഗത്തിന്റെ എല്ലാ അവസ്ഥകളിലും ഇത് ചെയ്യാനാവുകയുമില്ല.

5. പുടപാകം

തർപ്പണം ചെയ്യുന്നപോലെത്തന്നെയാണ് പുടപാകവും ചെയ്യുന്നത്. പക്ഷേ ഔഷധം തീർത്തും വിഭിന്നമാണ്.

അരച്ചുകൂട്ടിയ മരുന്ന് ഇലയിൽ പൊതിഞ്ഞ് പുറമേ മണ്ണ് തേച്ച് കനലിൽ വേവിച്ച് പിഴിഞ്ഞെടുക്കുന്ന നീരാണ് പുടപാകരസം. ഇതുപയോഗിക്കുന്നതുകൊണ്ടു തന്നെയാണ് ഈ കർമ്മത്തിന് പുടപാകം എന്ന പേരുള്ളതും. തർപ്പണത്തിനു ശേഷം പുടപാകം ചെയ്യണമെന്നാണ് സാമാന്യമായ ചിട്ട.

6. പുറമ്പട (വിഡാലകം)

മരുന്നരച്ച് കൺപോളകളിൽ തോരെ പുരട്ടുന്നതിനെയാണ് പുറമ്പട എന്ന് പറയുന്നത്. സംസ്കൃതത്തിൽ ഇതിനെ വിഡാലകം എന്നു പറയുന്നു. കണ്ണുകളിൽ നേരിട്ട് ഔഷധം പ്രയോഗിക്കാൻ കഴിയാത്തപ്പോഴും അതിന്റെ ആവശ്യമില്ലാത്തപ്പോഴും പുറമ്പട പ്രയോഗിക്കാറുണ്ട്. വളരെ ഫലപ്രദമാണ് ഈ സമ്പ്രദായം. കൺതടത്തിലെ വീക്കം, കരു തുടങ്ങിയ രോഗാവസ്ഥകളിലെല്ലാം ഇത് പ്രയോജനപ്പെടുത്തി വരുന്നു.

7. പിണ്ഡി

പിണ്ഡി എന്നത് മരുന്നുൾപ്പെടുന്ന ഒരു പാഡ് (Pad) ആണെന്ന് പറയാം. ഇത് ചിലപ്പോൾ വെറുതേ കണ്ണിനു മുകളിൽ വെക്കുകയോ, മറ്റ് ചിലപ്പോൾ വെച്ചുകെട്ടുകയോ ചെയ്യുന്നു.

നേത്രകർമ്മങ്ങൾ കൂടാതെ മറ്റ് ക്രിയാക്രമങ്ങളായ നസ്യം, ശിരോധാര, ശിരോവസ്തി, വസ്തി, വിരേചനം, എണ്ണതേപ്പ് തുടങ്ങിയവയും നേത്രരോഗങ്ങളിൽ പ്രയോജനപ്പെടുത്താറുണ്ട്.

## നേത്രത്തിലെ ശസ്ത്രക്രിയകൾ

4 തരം ശസ്ത്രകർമ്മങ്ങളാണ് സാമാന്യമായി നേത്രത്തിൽ വിധിച്ചിട്ടുള്ളത്. ഛേദനം (മുറിച്ചുമാറ്റൽ), ലേഖനം (ഉരച്ചുകളയൽ), ഭേദനം (പിളർന്നു പുറത്തുകളയൽ), വ്യാധനം (സിരയിൽ മുറിവുണ്ടാക്കി രക്തം കളയൽ) എന്നിവയാണ് ഇപ്പറഞ്ഞ നാലിനം. ഇവ പല തരത്തിൽ പരിഷ്കരിക്കപ്പെട്ട് പ്രയോഗിച്ചു വരുന്നു. ആധുനിക ശസ്ത്രക്രിയാസങ്കേതങ്ങൾ വളരെയേറെ പുരോഗമിച്ചിട്ടുള്ള ഇക്കാലത്ത് ആയുർവേദരീത്യായുള്ള നേത്രശസ്ത്രക്രിയകൾ അപൂർവ്വമായിട്ടുണ്ട്.

### ജളൂകാവചരണം
### (അട്ടയെ പിടിപ്പിക്കൽ)

ശുദ്ധജലാശയങ്ങളിൽ വളരുന്ന അട്ടകളെ ഉപയോഗിച്ചുകൊണ്ട് കണ്ണുകളിൽ നിന്നും രക്തം നീക്കം ചെയ്യുന്ന സമ്പ്രദായം പല നേത്രരോഗങ്ങളിലും വളരെ ഫലപ്രദമാണ്. ജളൂകാവചരണം എന്നാണിതിന് പറയുന്നത്. പഞ്ചകർമ്മങ്ങളിൽ ഒന്നായ രക്തമോക്ഷത്തിനുള്ള ഒരു വഴിയാണ് ജളൂകാവചരണം. ഇതിനായി ഉപയോഗിക്കുന്ന അട്ടയെ പ്രത്യേകരീതിയിൽ ശുദ്ധീകരിച്ചാണ് ശരീരത്തിൽ പ്രയോഗിക്കുന്നത്. വിഷാംശം ഒട്ടുമില്ലാത്ത അട്ടകളെ മാത്രമേ ഇതിന് ഉപയോഗപ്പെടുത്താവൂ.

## ഉപസംഹാരം

ആയുർവേദ നേത്രചികിത്സയിൽ വളരെ സമ്പന്നമായ ഒരു പാരമ്പര്യമാണ് കേരളത്തിനുള്ളത്. നേത്രചികിത്സയിൽ പ്രത്യേക വൈദഗ്ധ്യം നേടിയ പല വൈദ്യകുടുംബങ്ങളും ഇവിടെ ഉണ്ടായിരുന്നു. അവയിൽ ചിലതെങ്കിലും ഇപ്പോഴും നേത്രചികിത്സ നടത്തുന്നുണ്ട്. ഇടക്കാലത്തുവെച്ച് ചികിത്സകരുടെ എണ്ണം തീരെ കുറഞ്ഞു പോയതിനാൽ നേത്രചികിത്സ അത്യപൂർവ്വമായിത്തീർന്നിരുന്നു. ഇന്ന് ക്രമേണ ആ സ്ഥിതി മാറിയിട്ടുണ്ട്. ശസ്ത്രക്രിയ വേണ്ടുന്നവയൊഴികെ മറ്റ് മിക്കവാറും നേത്രരോഗങ്ങളിലും ഫലപ്രദമായ ചികിത്സ നൽകുവാൻ ആയുർവേദത്തിൽ കഴിയുന്നുണ്ട്. ആധുനികജീവിതശൈലിയുടെ സംഭാവനകളായ ഹ്രസ്വദൃഷ്ടി, നേത്രായാസം (Eye strain), കമ്പ്യൂട്ടർ മൂലമുള്ള നേത്രരോഗങ്ങൾ (computer vision syndrome), കൺവരൾച്ച (dry eye) എന്നിവയും അക്കൂട്ടത്തിൽപ്പെടുന്നു.

*ആരോഗ്യനികേതനം, അഞ്ചേരി, തൃശൂർ-6*

## പൂങ്കുടിൽ മനയിലെ 'സ്നേഹശാല'യിൽ

മലപ്പുറം ജില്ലയിലെ മഞ്ചേരിക്കടുത്തുള്ള പൂങ്കുടിൽ മന ആറുകണക്കിന് മനോരോഗികൾക്ക് ആശ്വാസമാകുകയാണ്.

തലമുറകൾ കടന്നുവന്ന ചികിത്സാസമ്പ്രദായം ഇന്നു നിലനിൽക്കുന്നത് വിഷ്ണുനമ്പൂതിരി, പി. നീലകണ്ഠൻ നമ്പൂതിരി (കുട്ടൻ), ദേവൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി, ജാതദേവൻ നമ്പൂതിരി എന്നിവരിലൂടെയാണ്. പാരമ്പര്യമനോരോഗ ചികിത്സയുടെ പേരുകേട്ട ഈ ഇല്ലത്തിന്റെ ചികിത്സാ ക്രമത്തെപ്പറ്റി ചികിത്സകനായ പി. നീലകണ്ഠൻ നമ്പൂതിരി പറയുന്നു. "സ്നേഹം, ഔഷധം, പരദേവത, സമൂഹം; ഇതാണിവിടത്തെ ചികിത്സാ ക്രമം."

ഔഷധങ്ങൾക്കോ മറ്റു ചികിത്സാക്രമങ്ങൾക്കോ പൂർണമായ ആധാരഗ്രന്ഥങ്ങളോ, സമ്പ്രദായങ്ങളോ ഇവിടെ ഇല്ല. തലമുറകളായി കൈമാറി വന്ന മന്ത്രങ്ങൾ, രീതികൾ, വിധികൾ അനുഭവത്തിലൂടെ കൈവന്ന ജ്ഞാനം, അതാണ് പൂങ്കുടിൽ മനയുടെ കൈമുതൽ. 30 പേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ ഇവിടുണ്ട്. മരുന്നു നിർമ്മാണത്തിനും രോഗികളെ പരിചരിക്കാനുമായി പത്തോളം പേർ ഇവിടുണ്ട്.

ഔപചാരിക പഠനങ്ങളൊന്നും ഇവിടെ പുതുതലമുറക്കാർക്കില്ലെങ്കിലും ഇപ്പോൾ ചികിത്സാ രംഗത്തുള്ളവർ ഉന്നത ബിരുദധാരികളാണ്. മനോരോഗത്തിനു മാത്രമല്ല ഇവിടെ ചികിത്സ. അപസ്മാര, വന്ധ്യതാ പ്രശ്നങ്ങൾക്കും ചികിത്സ തേടി നിരവധി പേർ അനുദിനം എത്തുന്നു.

നാല് ഏക്കറോളം പരന്നു കിടക്കുന്ന മനയിൽ കിടത്തിചികിത്സിക്കുന്നവർക്ക് ഫീസീടാക്കുന്നുണ്ട്. മനയിലെ ചികിത്സ എന്നു തുടങ്ങിയെന്ന് വ്യക്തമായി പറയാനാവില്ല. തന്ത്രം, പച്ചനേങ്ങളി ചികിത്സയും മന്ത്രവാദവും എന്ന ക്രമത്തിൽ വിഭജിച്ചു നൽകിയ കലവൃത്തി പിൻതുടർന്നു പോരുകയാണ് അവർ.

പ്രശാന്തതയോടെ നടന്നു നീങ്ങുന്ന ജീവിതങ്ങൾ പരിചയപ്പെടുമ്പോഴും ചികിത്സകരോടും കൂടെ ഇടപെടുമ്പോഴും ഒരു കുടുംബത്തിന്റെ കൂട്ടായ്മയിലലിഞ്ഞു ചേരുകയാണ് ഇവിടെ വന്നെത്തുന്നവർ.

തയ്യാറാക്കിയത്

പ്രശാന്ത് പരമേശ്വർ